## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3312 24.02.2016-ലെ മറുപടിക്ക്

### ജയിലുകളുടെ നവീകരണത്തിന് കർമ്മപദ്ധതി

ചോദ്യം

ശ്രീ.വർക്കല കഹാർ
ശ്രീ.ആർ.സെൽവരാജ്
ശ്രീ.എം.പി.വിൻസെന്റ്
ശ്രീ.ഷാഫി പറമ്പിൽ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) തടവുകാർക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, തടവുകാരുടെ ബാഹുല്യം മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക, തടവുകാരുടെ മാനസികവും ശാരീരികവുമായ ക്ഷേമത്തിനും മനഃപരിവർത്തനത്തിനും അനുയോജ്യമായ സാഹചര്യം മെച്ചപ്പെടുത്തുക, ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സാമൂഹ്യ ജീവിതത്തിന് പര്യാപ്തരാക്കുക, ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി)പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാംനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ജയിലുകളുടെ നവീകരണത്തിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1) വിയ്യൂരിലെ അതീവ സുരക്ഷാ ജയിലിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുക.
2) പത്തനംതിട്ട ജില്ലാ ജയിലിലെ ഒന്നാംഘട്ട നിർമ്മാണം
3) ആലപ്പുഴ ജില്ലാ ജയിലിന്റെ ഒന്നാംഘട്ട നിർമ്മാണം
4) പരിശീലന പദ്ധതികൾ
5) മൂന്ന് സെൻട്രൽ ജയിലുകളിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്തൽ
6) ജയിൽ അടുക്കളകളുടെ നവീകരണം
7) മൂന്ന് സെൻട്രൽ ജയിലിലെ തടവുകാരുടെ ഉപയോഗത്തിനായി 2000 കട്ടിലുകൾ വാങ്ങുക
8) പഴക്കമുള്ള ജയിൽ കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനം

തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1) ജയിലുകളിൽ സിസിടിവി സംവിധാനം സ്ഥാപിക്കുക
2) തടവുകാർക്കുള്ള വിവിധ തൊഴിൽ പരിശീലന പദ്ധതികൾ
3) മൂന്ന് സെൻട്രൽ ജയിലുകളിൽ ആധുനിക സൗകര്യങ്ങളുള്ള ഇന്റർവ്യൂ ഹാൾ നിർമ്മിക്കുക
4) മൂന്ന് സെൻട്രൽ ജയിലുകളിലും രണ്ട് തുറന്ന ജയിലുകളിലും യോഗ ഉൾപ്പെടെയുള്ള വിവിധ കായിക പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുക
5) മൂന്ന് സെൻട്രൽ ജയിലുകളിൽ എല്ലാ മതവിഭാഗങ്ങളിലും പെട്ട തടവുകാർക്കായി പ്രാർത്ഥനാ ഹാളുകൾ നിർമ്മിക്കുക

മേൽപ്പറഞ്ഞ രണ്ട് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്കു പുറമെ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്ന തവനൂർ സെൻട്രൽ ജയിൽ, പാലക്കാട് ജില്ലാ ജയിൽ, മുട്ടം ജില്ലാ ജയിൽ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നീ പുതിയ ജയിലുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനും [illegible] ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ